nirf 53 NATIONAL INSTITUTIONAL RANKING FRAMEWORK In College Category
Recognised as Centre with Potential for Excellence by the UGC
മഹാരാജാസ് @150
A NAAC
Ranked 10th KIRF Kerala Institutional Ranking Framework

No: MCEEKM/825/2025-B6 Date : 17-06-2025

# മഹാരാജാസിൽ ബിരുദ പ്രവേശനം– റിപ്പോർട്ടിങ് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

- ✓ മഹാരാജാസ് കോളേജിലെ വിവിധ ബിരുദ പ്രോഗ്രാമുകളിലേക്ക് 2025 -'26 അധ്യയന വർഷത്തെ പ്രവേശനത്തിനുള്ള പ്രൊവിഷനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പ്രൊവിഷണൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, മഹാരാജാസ് കോളേജിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 19/06/2025 (വ്യാഴം) 9 am നും 11.30 am നും ഇടക്ക് കോളേജിൽ നേരിട്ടെത്തിയോ പ്രതിനിധി മുഖേനയോ ഇമെയിൽ വഴിയോ റിപ്പോർട്ട് ചെയ്യേണ്ടതാണ്. അന്നേ ദിവസം നിർദ്ദേശിക്കപ്പെട്ട സമയത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യാത്ത വിദ്യാർത്ഥികളെ പ്രവേശനത്തിന് പരിഗണിക്കുന്നതല്ല.

- ✓ 2025 ജൂൺ 19 വ്യാഴം രാവിലെ 9 am മുതൽ 11:30 am വരെയാണ് വിവിധ രീതിയിലുള്ള റിപ്പോർട്ടിങ്ങിന് അവസരം ഉള്ളത് . ഇതിന് ശേഷം റിപ്പോർട്ടിംഗിന് അവസരം ഇല്ല

- ✓ ഇംഗ്ലീഷ് മെയിൻ ഹാളിലാണ് നേരിട്ടുള്ള/ പ്രതിനിധി മുഖേനയുള്ള റിപ്പോർട്ടിങിനായി സെൻട്രലൈസ്ഡ് സംവിധാനം ഒരുക്കിയിരിക്കുന്നത്.

- ✓ ഇമെയിൽ മുഖേന റിപ്പോർട്ടിങ് നടത്താൻ ആഗ്രഹിക്കുന്നവർ രജിസ്‌ട്രേഷൻ സമയത്ത് നൽകിയിട്ടുള്ള രജിസ്‌ട്രേഡ് ഇമെയിലിൽ നിന്നും തങ്ങളുടെ യൂസർ ഐഡി , പേര് മൊബൈൽ നമ്പർ എന്നിവ സഹിതം 2025 ജൂൺ 19 വ്യാഴം രാവിലെ 11:30 നു മുൻപായി admission@maharajas.ac.in എന്ന ഈമെയിലേയ്ക്ക് സന്ദേശം അയക്കണം. ഇമെയിൽ സബ്ജക്ട് ലൈൻ ആയി "UG Admission – Online Reporting" എന്ന് നൽകണം. നിശ്ചിത സമയത്തിന് ശേഷം നൽകുന്ന ഇമെയിലുകൾ പരിഗണിക്കുന്നതല്ല.

- ✓ സെൻട്രലൈസ്ഡ് രജിസ്‌ട്രേഷനു ശേഷം മാത്രമേ വിദ്യാർഥികൾ ഡിപ്പാർട്ട്മെന്റിലേയ്ക്ക് പോവാൻ പാടുള്ളൂ. ആദ്യറാങ്കുകൾ നേടിയ വിദ്യാർത്ഥികൾക്ക് ജൂൺ 19 ന് പ്രവേശനം നേടാവുന്നതാണ്. ഇത് സംബന്ധിച്ചുള്ള വിശദമായ നിർദ്ദേശങ്ങൾ ഡിപ്പാർട്ട്മെൻറ് അഡ്മിഷൻ ഡെസ്കിൽ നിന്നും ലഭ്യമാവുന്നതാണ്.

- ✓ നിങ്ങൾക്ക് ഒന്നാമത്തെ ഓപ്ഷൻ പ്രോഗ്രാമിന് അല്ല ആദ്യം പ്രവേശനം ലഭിക്കുന്നത് എങ്കിൽ ലഭിച്ച പ്രോഗ്രാമിന് താല്പര്യമെങ്കിൽ പ്രവേശനം നേടാവുന്നതാണ്. ഈ ഘട്ടത്തിൽ ഉയർന്ന ഓപ്ഷനുകൾ നിലനിർത്താനോ ക്യാൻസൽ ചെയ്യാനോ അവസരം ഉണ്ട്.

- ✓ നിലവിൽ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് തയാറാക്കിയിരിക്കുന്നത് നിങ്ങൾ അപേക്ഷയിൽ നൽകിയിട്ടുള്ള മാർക്കുകൾ പരിഗണിച്ചാണ്. ഇവയിൽ തെറ്റുകൾ ഉണ്ട് എങ്കിൽ താങ്കളുടെ റാങ്കിൽ മാറ്റം ഉണ്ടാവാൻ സാധ്യത ഉണ്ട്. ഇത്തരം ഘട്ടങ്ങളിൽ റാങ്ക് താഴേയ്ക്ക് മാത്രമാണ് പുനർനിർണയിക്കുന്നത്.

- ✓ **2025 ജൂൺ 19 വ്യാഴം രാവിലെ 11:30നു ശേഷം യാതൊരു രീതിയിലും റിപ്പോർട്ടിങ് അനുവദിക്കുന്നതല്ല. യഥാസമയം റിപ്പോർട്ട് ചെയ്യാത്തവർ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്താവുന്നതാണ്.**